©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 സെപ്റ്റംബർ 25<br>25th September 2018<br>1194 കന്നി 9<br>9th Kanni 1194<br>1940 ആശ്വിനം 3<br>3rd Aswina 1940 | നമ്പർ<br>No. | 38 |

## PART III

# Ground Water Department

ദർഘാസ് പരസ്യം

(1)

നമ്പർ റ്റി-44/2018-19 ജി. എം.1015/2017. 2018 സെപ്റ്റംബർ 7.

ഭൂജല വകുപ്പ്, ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽനിന്നും താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് നമ്പരും ജോലിയുടെ വിവരവും അടങ്കൽ തുകയും—റ്റി. 44/2018-19—മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ AKNM ഗവൺമെന്റ് പോളിടെക്നിക്, തിരൂരങ്ങാടി എന്ന സ്ഥലത്തും തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ ജി. എൽ. പി. സ്കൂൾ തിരൂരങ്ങാടി എന്ന സ്ഥലത്തും കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുന്ന പ്രവൃത്തി—` 1,52,000.

നിരതദ്രവ്യം—` 4,000.

ദർഘാസ് ഫോറത്തിന്റെ വില—` 500 + നികുതി (ജി. എസ്. ടി.)

പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി—20 ദിവസം.

പൂരിപ്പിച്ച ദർഘാസുകൾ ജില്ലാ ആഫീസർ, ജില്ലാ ആഫീസറുടെ കാര്യാലയം, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ ദർഘാസ് നമ്പരും പേരും രേഖപ്പെടുത്തി മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. വൈകി എത്തുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാവുന്നതല്ല. 6-10-2018-ന് ഉച്ചകഴിഞ്ഞ് 1 മണിവരെ ദർഘാസ് ഫോറങ്ങൾ വിൽക്കുന്നതാണ്. പൂരിപ്പിച്ച ഫോറങ്ങൾ 6-10-2018-ന് ഉച്ചകഴിഞ്ഞ് 3 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരാകുന്ന കരാറുകാരുടെയോ അവരുടെ ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് രേഖപ്പെടുത്തുന്നതുമാണ്.

കേരള സർക്കാരിന്റെ ` 200-ന്റെ മുദ്രപ്പത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നിരതദ്രവ്യമായി ദർഘാസിൽ പറയുന്ന അടങ്കൽ തുകയുടെ രണ്ടര ശതമാനം ജില്ലാ ആഫീസർ, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ മലപ്പുറത്ത് മാറാവുന്നവിധം ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം നൽകേണ്ടതാണ്. ദർഘാസ് ദിവസം അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറക്കുന്നതാണ്.

ദർഘാസുകൾ റദ്ദ് ചെയ്യുന്നതിനോ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ജില്ലാ ഓഫീസറിൽ നിക്ഷിപ്തമാണ്. കേരള സർക്കാരിന്റെ ദർഘാസുകളെ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

(2)

നമ്പർ റ്റി-45/2018-19 ജി.എം/872/2015. 2018 സെപ്റ്റംബർ 7.

ഭൂജല വകുപ്പ്, ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽനിന്നും താഴെ പറയുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ നമ്പരും ജോലിയുടെ വിവരവും അടങ്കൽ തുകയും—റ്റി. 45/2018-19—മലപ്പുറം ജില്ലയിലെ 4 വിവിധ സ്ഥലങ്ങളിൽ (1) പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ എ. എം. എൽ. പി. സ്കൂൾ, കരിപൂർ, ചിറയിൽ (2) വേങ്ങര ബ്ലോക്കിലെ ജി. എൽ. പി. സ്കൂൾ, പുകയൂർ, എ. ആർ. നഗർ. (3) വേങ്ങര ബ്ലോക്കിലെ പെയ്ൻ& പാലിയേറ്റീവ് സെന്റർ, പി. എച്ച്. സി. കുന്നുംപുറം. (4) ചെറുകാവ് ഗ്രാമപഞ്ചായത്തിലെ രാമനാട്ടുകര എച്ച്. എസ്. എസ്., പുതുക്കോട് കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുന്ന പ്രവൃത്തി—` 3,51,000.

നിരതദ്രവ്യം—` 9,000.

ദർഘാസ് ഫോറത്തിന്റെ വില—` 800 + നികുതി (ജി.എസ്.റ്റി.).

പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി—20 ദിവസം.

പൂരിപ്പിച്ച ദർഘാസുകൾ ജില്ലാ ആഫീസർ, ജില്ലാ ആഫീസറുടെ കാര്യാലയം, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ ദർഘാസ് നമ്പരും പേരും രേഖപ്പെടുത്തി മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. വൈകി എത്തുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാവുന്നതല്ല. 8-10-2018-ന് ഉച്ചകഴിഞ്ഞ് 1 മണിവരെ ദർഘാസ് ഫോറങ്ങൾ വിൽക്കുന്നതാണ്. പൂരിപ്പിച്ച ഫോറങ്ങൾ 8-10-2018-ന് ഉച്ചകഴിഞ്ഞ് 3 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരാകുന്ന കരാറുകാരുടെയോ അവരുടെ ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് രേഖപ്പെടുത്തുന്നതുമാണ്.

കേരള സർക്കാരിന്റെ ` 200-ന്റെ മുദ്രപ്പത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നിരതദ്രവ്യമായി ദർഘാസിൽ പറയുന്ന അടങ്കൽ തുകയുടെ രണ്ടര ശതമാനം ജില്ലാ ആഫീസർ, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ മലപ്പുറത്ത് മാറാവുന്നവിധം ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം നൽകേണ്ടതാണ്. ദർഘാസ് ദിവസം അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറക്കുന്നതാണ്.

ദർഘാസുകൾ റദ്ദുചെയ്യുന്നതിനോ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ജില്ലാ ആഫീസറിൽ നിക്ഷിപ്തമാണ്. കേരള സർക്കാരിന്റെ ദർഘാസുകളെ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

ജില്ലാ ആഫീസറുടെ കാര്യാലയം,<br>
ഭൂജല വകുപ്പ്,<br>
മലപ്പുറം.

(ഒപ്പ്)<br>
ജില്ലാ ആഫീസർ<br>
(കേരള ഗവർണ്ണർക്കുവേണ്ടി).